ആവശ്യമായ വിവരങ്ങളും നിർദ്ദേശവും അഡ്വക്കേറ്റ് ജനറലിന് നൽകിയിട്ടുണ്ട്.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

വർഗ്ഗീയ സംഘട്ടനങ്ങൾ

(1528)ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര വർഗ്ഗീയ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്; അതു സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ കാലഘട്ടത്തിൽ ഒന്നിലധികം ജാതിക്കാർ തമ്മിലുള്ള സംഘട്ടനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) ഈ കാലയളവിലുണ്ടായിട്ടുള്ള രാഷ്ട്രീയ സംഘട്ടനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 31.1.2000 വരെ ആകെ 60 വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

തിരുവനന്തപുരം	-	1
ആലപ്പുഴ	-	3
പത്തനംതിട്ട	-	1
കോട്ടയം	-	3
എറണാകുളം	-	2
തൃശൂർ	-	7
പാലക്കാട്	-	3
മലപ്പുറം	-	4
കോഴിക്കോട്	-	8
വയനാട്	-	3
കണ്ണൂർ	-	3
കാസർഗോഡ്	-	22
ആകെ		**60**

(ബി) ഒന്നിലധികം ജാതിക്കാർ ഒരു വശത്തായി നിന്നുകൊണ്ടുള്ള മൂന്നു സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

1. ബേപ്പൂർ മുസ്ലീങ്ങളുടെ ഉടമസ്ഥതയിലുള്ള മൽസ്യബന്ധന ബോട്ടുകളിൽ വെളിയിൽ നിന്നുള്ള ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട ജോലിക്കാരെ നിയോഗിക്കുന്നതിൽ അമർഷമുണ്ടായിരുന്ന ഹിന്ദു വിഭാഗത്തിൽപ്പെട്ട ചില ജോലിക്കാർ 18.1.98 ന് രാത്രി 9.45 ന് സഫിയത്ത് എന്ന മത്സ്യബന്ധന ബോട്ടിലെ രണ്ട് ക്രിസ്ത്യൻ ജീവനക്കാരെ ദേഹോപദ്രവം ഏൽപ്പിക്കുകയും പോലീസ് മൂന്ന് പ്രതികളെ 19.1.98-ന് അറസ്റ്റു ചെയ്യുകയും ഉണ്ടായി. ജാമ്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഇറങ്ങിയ ഇവർ ബേപ്പൂർ അങ്ങാടിയിൽ എത്തിയപ്പോൾ അവിടെ ഉണ്ടായിരുന്ന മുസ്ലീങ്ങൾ ഇവരുമായി വഴക്കുണ്ടാക്കുകയും തുടർന്ന് ഇരു വിഭാഗങ്ങളും സംഘടിച്ച് തമ്മിൽ സംഘട്ടനം ഉണ്ടാകുകയും ചെയ്തു. പോലീസിന്റെ സമയോചിതമായ ഇടപെടൽ കൊണ്ട് അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുവാനും സമാധാനം സ്ഥാപിക്കുന്നതിനും സാധിച്ചു.

2. 1.7.1998-ന് രാത്രി എട്ടുമണിയോടുകൂടി ഏകദേശം അൻപത്തിയഞ്ചോളം വരുന്ന ആർ.എസ്.എസ്./ബി.ജെ.പി. പ്രവർത്തകർ മുൻവൈരാഗ്യം വച്ച് പത്തനംതിട്ട ജില്ലയിലെ പറക്കോട് ചന്തയിലെ മുസ്ലീങ്ങളുടെ വ്യാപാര സ്ഥാപനങ്ങൾ ആക്രമിക്കുകയും അവിടെ ഉണ്ടായിരുന്നവരെ ആക്രമിച്ച് പരിക്കേല്പിക്കുകയും ചെയ്തു. ഈ സംഭവത്തിൽ 2 ഹിന്ദുക്കൾക്കും 5 മുസ്ലിങ്ങൾക്കും, ഒരു ക്രിസ്ത്യാനിക്കും പരിക്കേറ്റു.

3. 30.5.1999ന് വൈകിട്ട് 5.45ന് ലോക കപ്പ് ക്രിക്കറ്റ് മൽസരത്തിൽ ഇൻഡ്യൻ ടീമിന്റെ വിജയം ആഘോഷിക്കാൻ ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട ലാലുവിന്റെ നേതൃത്വത്തിൽ നടന്ന ഘോഷയാത്രയിലെ മുസ്ലിം വിഭാഗത്തിൽപ്പെട്ട റിയാസും മറ്റ് അഞ്ചുപേരും കൂടി ചീത്ത വിളിക്കുകയും കല്ലെറിയുകയും ഉണ്ടായി. ഈ സംഭവത്തിൽ ലാലുവിനും അയാളുടെ കൂട്ടുകാരൻ സുജിത്തിനും (ഹിന്ദു) പരിക്കേറ്റു.

(സി) ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു:-

തിരുവനന്തപുരം	-	164
കൊല്ലം	-	84
പത്തനംതിട്ട	-	81
ആലപ്പുഴ	-	280
കോട്ടയം	-	91
എറണാകുളം	-	49
ഇടുക്കി	-	138
തൃശ്ശൂർ	-	278
പാലക്കാട്	-	231
മലപ്പുറം	-	169
കോഴിക്കോട്	-	501
വയനാട്	-	22
കണ്ണൂർ	-	809
കാസർഗോഡ്	-	520
ആകെ	-	**3,417**

LIBRARY ARCHIVES Kerala Legislative Assembly